മലയാളത്തിന്റെ പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**
നിങ്ങളുമായി സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം

പ്രിയമുള്ള ശിഹാബ്ക്കാ, ഞാൻ വായിച്ച താങ്കളുടെ പല കഥകളും അനുഭവ പാഠങ്ങളാണെന്നു തോന്നുന്നു. ഇത്രയേറെ സ്വാധീനിച്ചിട്ടുണ്ടോ താങ്കളുടെ ജീവിതാനുഭവങ്ങൾ?

**ലിയാന താജ് ടി.എം**, ക്ലാസ് 9
സെന്റ് തെരേസാസ്
എ.ഐ.എച്ച്.എസ്.എസ്, കണ്ണൂർ

ഞാൻ മിക്കപ്പോഴും എന്റെ അനുഭവ പരിസരത്തു നിന്നാണ് കഥകൾക്കുള്ള വസ്തുവകകൾ കണ്ടെടുക്കുന്നത്. എന്റെ അനുഭവത്തിൽ നിന്ന് പറയുന്നത് ഇതാണ്: നമ്മുടെ ചുറ്റുപാടുകളിൽ നിന്നെഴുതുന്ന കഥകൾക്ക് ഒരു പ്രത്യേക സൗന്ദര്യവും ശക്തിയും ഉണ്ടാകും.

ഒരു കവിത എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ശിഹാബ്ക്കാ?

**എ. ഹാദി അബ്ദുല്ല**
ക്ലാസ് 6
ജി.എസ്.എൻ.ടി.വി.എസ്.കെ.ടി.
യു.പി.എസ്, പുന്നയൂർക്കുളം

നല്ല വായന വേണം. നിങ്ങൾ ഹൃദയത്തിൽ നിന്നെടുത്തെഴുതുമ്പോൾ വാക്കുകൾ പെട്ടെന്ന് കൂടെ വന്നെത്തും. ആദ്യമൊക്കെ ലളിതവും രസകരവുമായ പുസ്തകങ്ങൾ തേടിപ്പിടിച്ച് വായിക്കുക. ഹാദിയുടെ ഉപ്പയോടോ ഉമ്മയോടോ അധ്യാപകരോടോ പറഞ്ഞു നോക്കുക.



**മദർ തെരേസയുടെ ഔദ്യോഗിക ജീവചരിത്രം എഴുതിയത് നവീൻ ചൗളയാണ്.**

# ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്.

കത്തുകൾ അയക്കേണ്ട വിലാസം:


**ശിഹാബ്ക്കയോട് ചോദിക്കാം.**
മലർവാടി മാസിക,
ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്,
കോഴിക്കോട്-12.
കൂടാതെ malarvadimag@gmail.com
എന്ന ഇമെയിലിലും
**8281572448** എന്ന
വാട്സാപ് നമ്പറിലും അയക്കാം.




പ്രിയമുള്ള ശിഹാബ്ക്കാ, എനിക്ക് നിങ്ങളെപ്പോലെ ഒരു എഴുത്തുകാരനാകാനാണ് ആഗ്രഹം. അതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ വേണം? താങ്കളെ ഒരു കഥാകൃത്താവാൻ പ്രേരിപ്പിച്ചതെന്താണ്?

**അനസ്,** ക്ലാസ് 5
ജി.എച്ച്.എസ്, മങ്കട

ഒരാൾ എഴുത്തുകാരനാവാൻ ആഗ്രഹിക്കുന്നത് നല്ലതു തന്നെ. അതിനു വേണ്ടി ധാരാളം വായിക്കുകയും സ്വന്തമായ അഭിപ്രായം ഉണ്ടാക്കുകയും അനേകം ഭാവനകളിലൂടെ സഞ്ചരിക്കുകയും വേണ്ടതുണ്ട്. അത് എങ്ങനെയാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ നല്ല പുസ്തകങ്ങളുടെ വായനയാണ് പ്രധാനമായും ഉപകാരപ്പെടുക.

ശിഹാബ്ക്കാ... പരീക്ഷാ ഹാളിൽ ഒരു കുട്ടി മറ്റൊരു കുട്ടിയോട് ചോദ്യത്തിന്റെ ഉത്തരം ചോദിക്കുകയാണെങ്കിൽ അത് പറഞ്ഞു കൊടുക്കുന്നത് ശരിയാണോ? അത് അധ്യാപകരോടുള്ള അപമര്യാദയല്ലേ? ഉത്തരം പറഞ്ഞു കൊടുത്തില്ലെങ്കിൽ അത് കൂട്ടുകാരിയോട് ചെയ്യുന്ന തെറ്റാകില്ലേ? ഇതിൽ ഏത് ചെയ്താലും മനസ്സിൽ കുറ്റബോധം തോന്നുന്നു. എന്തു ചെയ്യും ശിഹാബ്ക്കാ?

**ജുനൈദ. വൈ,** ക്ലാസ് 10
കെ.പി.എം.എച്ച്.എസ്,
ചെറിയവെളിനല്ലൂർ

ജുനൈദയുടേത് ശിഹാബ്ക്കയെ ശരിക്കും വിയർപ്പിക്കുന്ന ചോദ്യമായിപ്പോയല്ലോ. ഒരാൾ നോക്കിയെഴുതിയാലും പറഞ്ഞു കൊടുത്തെഴുതിയാലും കോപ്പിയടിയാണെന്നും അത് തെറ്റാണെന്നും മാത്രം പറയട്ടെ.

പെണ്ണെഴുത്ത്, ദലിതെഴുത്ത് എന്നെല്ലാം കാണാറുണ്ട്. അപ്പോൾ സാഹിത്യത്തിൽ എത്ര തരം എഴുത്തുകൾ കാണും? ഇങ്ങനെ വേർതിരിക്കുന്നത് ശരിയാണോ ശിഹാബ്ക്കാ?

**ഹിബ കെ.വി**
ഐ.സി.ടി പബ്ലിക് സ്കൂൾ
മൂഴിക്കൽ

ഇത്തരം വേർതിരിവുകൾ ഉപരിതല പഠനങ്ങൾക്കു വേണ്ടിയുള്ള സമ്പ്രദായമാണ്. ലിംഗം, വംശം എന്നിവയുടെ വീക്ഷണത്തിലൂടെ സാഹചര്യങ്ങളെ നോക്കിക്കാണുന്ന ഏർപ്പാടാണിത്. ആത്യന്തികമായി രണ്ടുതരം സാഹിത്യമേയുള്ളൂ. നല്ല സാഹിത്യവും ചീത്ത സാഹിത്യവും.

ഇന്ത്യയിലെ ഏറ്റവും ഉയർന്ന സാഹിത്യ പുരസ്കാരം – ജ്ഞാനപീഠം